നഗരഗ്രാമാസൂത്രണ വകുപ്പ്

ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം - തൃശ്ശൂർ

നടപടിക്രമങ്ങൾ

(ഹാജർ: ശ്രീ. കെ.എം. ഗോപകുമാർ)

ഫോൺ: 0487 2363003

Email. tcpdtsr@gmail.com

വിഷയം : തൃശ്ശൂർ ജില്ലയിൽ പരിയാരം ഗ്രാമപഞ്ചായത്ത് - പരിയാരം വില്ലേജിൽ - സർവ്വെ നമ്പർ 382/4,383 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ഗോഡൗൺ കെട്ടിട നിർമ്മാണം ലേ-ഔട്ട് അംഗീകാരം സംബന്ധിച്ച്.

പരാമർശം: പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/04/19-ലെ A3/1175/19 നമ്പർ കത്ത്.

ഉത്തരവ് നമ്പർ: സി1/1159/2019/ഡി.ഡിസ് **തീയ്യതി: 15/05/2019**

ലേഔട്ട് നമ്പർ:14 /2019

തൃശ്ശൂർ ജില്ലയിൽ, പരിയാരം ഗ്രാമപഞ്ചായത്ത്, പരിയാരം വില്ലേജിൽ സർവ്വെ നമ്പർ 382/4, 383 എന്നിവയിൽ ഉൾപ്പെട്ട 24525 ച.മീറ്റർ സ്ഥലത്ത് നിർമ്മാണം പൂർത്തിയായ 7151 ച.മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായിക കെട്ടിടത്തിന്റെ ഒക്യുപ്പൻസി ഗോഡൗൺ ആയി മാറ്റുന്നതും,ടി കെട്ടിടത്തോടു ചേർത്ത് കൂടുതലായി നിർമ്മിച്ചിട്ടുള്ള ഗോഡൗൺ കെട്ടിടവും, ടോയ്ലറ്റും, ഓഫീസും ഉൾപ്പെടെ 2527.04 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതും ഉൾപ്പെടെ ആകെ (നിലവിലുള്ളതും,നിർമ്മാണം പൂർത്തിയായതുമായ) 9678.04 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഗ്രൂപ്പ്-എച്ച് ഗണത്തിൽപ്പെട്ട ഗോഡൗൺ കെട്ടിടത്തിന് സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ അനുസരിച്ച് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ട് അംഗീകാരവും ടി. സ്ഥലത്തിന്റെ മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവാകുന്നു.

1. നിർദ്ദിഷ്ട നിർമ്മാണം KPBR 2011-ലെ മുഴുവൻ ചട്ടങ്ങൾക്കും, അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ- 2011 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കനുസൃതമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും നിയമാനുസൃതം ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
5. നിർമ്മാണ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008-നു പൂർണ്ണമായും വിധേയമായിരിക്കണം.
6. നിയമാനുസൃതം രേഖപ്പെടുത്തിയിട്ടുള്ള പാർക്കിംഗിനാവശ്യമായ സ്ഥലം നിജപ്പെടുത്തി രൂപപ്പെടുത്തേണ്ടതാണ്.
7. പ്രസ്തുത പ്ലോട്ടിലേക്കും കെട്ടിടത്തിലേക്കും 6.00 മീറ്റർ ചുരുങ്ങിയ പ്രവേശന വീതി ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. സ്റ്റോറേജ് കെട്ടിടങ്ങളുടെ ഫയർ പ്രൊട്ടക്ഷൻ സജ്ജീകരണങ്ങൾ 2005-ലെ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യയുടെ IV-ാം ഭാഗം (ഫയർ & സേഫ്റ്റി)3-ാം ഭേദഗതിക്കനുസൃതമായിരിക്കണം.

9. ഇൻസിറ്റ്യൂ ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, റീസൈക്ലിംഗ് & റീ യൂസിംഗ് ഓഫ് വേസ്റ്റ് വാട്ടർ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, മാലിന്യങ്ങൾ പുഴയിലേക്ക് തള്ളാതെ പ്ലോട്ടിൽ തന്നെ സംസ്ക്കരിക്കേണ്ടതുമാണ്.
10. പണിപൂർത്തിയായ കെട്ടിടങ്ങൾ കെ.പി.ബി.ആർ-2011 ചാപ്റ്റർ XXII- ലെ ചട്ടം 134-ന് അനുസൃതമായി ഫൈൻ ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ളതല്ല. ക്രമവൽക്കരണത്തിനുമുമ്പ് മേൽ നിബന്ധനകൾക്കനുസൃതമായ പ്ലാനുകളിന്മേൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഉള്ളടക്കം: അംഗീകൃത പ്ലാൻ (1 സെറ്റ്)

ജില്ലാ ടൗൺ പ്ലാനർ
തൃശ്ശൂർ

പകർപ്പ്:

1) **സെക്രട്ടറി**
പരിയാരം ഗാമപഞ്ചായത്ത്.

2) **സ്വപ്ന സാബു& ആഷിഷ് സാബു,**
ചിറ്റേത്ത് ഹൗസ്,
കുറുമശ്ശേരി പി.ഒ, കാര, തൃശ്ശൂർ.